# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


KEEC/GL/2015

തിരുവനന്തപുരം
12-05-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

ഏതൊരു സ്ഥാപനത്തിലും കമ്പ്യൂട്ടറൈസേഷൻ നടത്തുന്നത് രേഖകളെല്ലാം കൃത്യമായി സൂക്ഷിക്കുന്നതിനും പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും റവന്യൂ ചോർച്ച തടയുന്നതിനുമാണ്. KSEB Ltd ൽ ORUMANET Software ൽ (സൂപ്പർ വിഷൻ) റീഡിംഗ് വെരിഫിക്കേഷൻ "മെനു" ഇല്ലാതാക്കാൻ ശ്രമം അണിയറയിൽ നടക്കുന്നതായി അറിയുന്നു. ഇത് സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമായതിനാൽ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യണം. കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനത്തിലും ഇല്ലാത്ത സംവിധാനമാണ് ഇവിടെ നടപ്പാക്കാൻ ശ്രമിക്കുന്നത്. കമ്പ്യൂട്ടറിൽ ചേർക്കുന്ന വിവരങ്ങൾ പരിശോധിച്ചതിനുശേഷമേ തീർപ്പ് കൽപ്പിക്കാറുമുള്ളു.

മീറ്റർ റീഡർ കൊണ്ടുവരുന്ന റീഡിംഗ്, സിസ്റ്റത്തിൽ ചേർക്കുമ്പോൾ പരിശോധിക്കാറുണ്ട്. PDA സംവിധാനം വരുന്നതിന്റെ ഭാഗമായി പരിശോധന വേണ്ടെന്നാണ് പുതിയ കണ്ടുപിടിത്തം. ബോർഡിലെ മീറ്റർ റീഡിംഗ് ഭൂരിഭാഗവും കോൺട്രാക്ട് വ്യവസ്ഥയിലാണ് എടുക്കുന്നത്. ഇവിടുത്തെ താരീഫ് ടെലിസ്കോപിക് സിസ്റ്റമാണ്. ഒരു പ്രത്യേക യൂണിറ്റ് കഴിഞ്ഞാൽ റേറ്റ് കൂടുന്നു. പരിശോധന ഇല്ലാതാകുന്നതോടെ വലിയ തോതിൽ റവന്യൂ ചോർച്ച ഉണ്ടാകും.

ആയതിനാൽ ഈ ഗൂഢ നീക്കത്തിൽ നിന്നും "MIS" ലുള്ള തൽപര കക്ഷികളെ പിൻതിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം ഇതുമൂലമുണ്ടാകുന്ന റവന്യു ചോർച്ച പ്രസ്തുത നിർദ്ദേശം സമർപ്പിച്ച് പ്രോഗ്രാം ചെയ്യുന്ന MIS ലുള്ള താഴെത്തട്ടിലുള്ളവർ തൊട്ട് മുകളിൽ വരെയുള്ളവർക്ക് ബാധ്യത ആക്കണമെന്നും ബോർഡിന്റെ റവന്യു നഷ്ടപ്പെടുത്താൻ അനുവദിക്കില്ലായെന്നും അറിയിക്കുന്നു.

ഇതുമൂലമുണ്ടാകുന്ന റവന്യൂ ചോർച്ചയിൽ സെക്ഷൻ ഓഫീസ് തലത്തിൽ ജോലി ചെയ്യുന്നവർ യാതൊരു വിധത്തിലും ഉത്തരവാദികളല്ലായെന്നും അറിയിക്കുന്നു.

ഓൺലൈൻ പേയ്മെന്റിന് ഈടാക്കിയിരുന്ന സർവ്വീസ് ചാർജ് (ഉപഭോക്താവ് വഹിക്കേണ്ടുന്നത്) KSEB വഹിക്കാൻ പോകുന്നതായി അറിയുന്നു. ATM ഉപയോഗിക്കുന്നതിനു പോലും ബാങ്കുകൾ ചാർജ് ഈടാക്കുന്നു. റെയിൽവേ ടിക്കറ്റ് റിസർവേഷൻ ചാർജ് യാത്രക്കാരൻ വഹിക്കുന്നു. ഈ സാഹചര്യത്തിൽ സർവ്വീസ് ചാർജ്ജുകളൊക്കെ KSEB ഏറ്റെടുക്കാൻ പോകുന്നത് വൻ റവന്യു നഷ്ടമുണ്ടാക്കുമെന്നതിനാൽ പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

പകർപ്പ്: 1). ഡയറക്ടർ (ഫിനാൻസ്)

2). ഡയറക്ടർ (MIS)